# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 361 — 17.12.2014 -ൽ മറുപടിക്ക്

## സ്വകാര്യ ലാബുകളിലെ ഫീസ് ഏകീകരിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. എ. അസീസ് : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് സ്വകാര്യ സ്കാനിംഗ് സെന്ററുകൾ ഒരേതരം സ്കാനിംഗിന് ഈടാക്കുന്ന ഫീസ് വളരെ വ്യത്യസ്തമാണെന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) സ്വകാര്യ സ്കാനിംഗ് സെന്ററുകൾക്ക് ഏകീകൃത ഫീസ് ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; | (ബി) ഇപ്പോൾ ഇതിനുള്ള ചട്ടങ്ങളൊന്നും നിലവിലില്ല. എന്നാൽ നിയമസഭയുടെ 230 -ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചിട്ടുള്ള കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ നിയമമാകുമ്പോൾ ഈ പ്രശ്നത്തിനു കൂടെ പരിഹാരമുണ്ടാകുന്നതാണ്. |
| (സി) സംസ്ഥാനത്ത് നിരവധി അനധികൃത ലാബുകൾ പ്രവർത്തിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സേഫ് കേരള പ്രോഗ്രാമുമായി ബന്ധപ്പെട്ട് പല ജില്ലകളിലും ജില്ലാ മെഡിക്കൽ ഓഫീസർമാർ ലാബുകളിൽ പരിശോധനകൾ നടത്തുകയും അപാകതകൾ കണ്ടവയുടെ പേരിൽ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) ലാബുകളുടെ ക്ഷമതയും, പ്രവർത്തനവും, ലൈസൻസും പരിശോധിക്കാൻ എന്തൊക്കെ നടപടികളാണു സ്വീകരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കാമോ ? | (ഡി) വിവിധ ജില്ലകളിൽ ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ ലബോറട്ടറികളും സ്കാനിംഗ് സെന്ററുകളും പരിശോധിച്ച് അപാകതകൾ കണ്ടവയുടെ പേരിൽ പബ്ലിക് ഹെൽത്ത് ആക്ട് അനുസരിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>ഇതിനുപുറമേ സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, മറ്റു ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്, നഴ്സിംഗ് ഹോമുകൾ എന്നിവയുടെ നിയന്ത്രണം, രജിസ്ട്രേഷൻ, ഫീസ് ഏകീകരണം എന്നിവയ്ക്ക് വേണ്ടി ദി കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ എന്ന പേരിൽ ഒരു ബിൽ നിയമസഭയുടെ 230 -ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ ബില്ലിന്റെ അടിസ്ഥാനത്തിൽ നിയമനിർമ്മാണം പൂർണ്ണമാകുന്നതോടെ ഇത്തരം പ്രശ്നങ്ങൾ ഒരു പരിധിവരെ നിയന്ത്രിക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ